REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 14-03-2024** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി, PM സ്വനിധി പദ്ധതിയിലെ ഗുണഭോക്താക്കളെ വൈകിട്ട് അഞ്ചിന് ഡൽഹി JLM സ്റ്റേഡിയത്തിൽ അഭിസംബോധന ചെയ്യും.
- ലോക്സഭാ തെരഞ്ഞെടുപ്പിന് BJP, 72 സ്ഥാനാർത്ഥികളുടെ രണ്ടാം പട്ടിക പുറത്തിറക്കി.
- തെരഞ്ഞെടുപ്പ് കമ്മീഷനിലെ പുതിയ അംഗങ്ങളെ തീരുമാനിക്കുന്ന ഉന്നതാധികാര സമിതി യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേരും.
- കൊച്ചി വാട്ടർ മെട്രോയുടെ നാല് ടെർമിനലുകൾ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും
- വൈദ്യുതി പ്രതിസന്ധി മറികടക്കാൻ ഇന്ന് തിരുവനന്തപുരത്ത് ഉന്നതതല യോഗം.
- ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സിന് പരാജയം.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്രമോദി PM സ്വനിധി പദ്ധതിയിലെ ഗുണഭോക്താക്കളെ വൈകിട്ട് അഞ്ചിന് ഡൽഹി JLM സ്റ്റേഡിയത്തിൽ അഭിസംബോധന ചെയ്യും. ഒരു ലക്ഷത്തോളം തെരുവു കച്ചവടക്കാർക്ക് വായ്പാതുകയും അദ്ദേഹം ചടങ്ങിൽ വിതരണം ചെയ്യും. 2020 ൽ ആരംഭിച്ച പദ്ധതിയിൽ ഇതുവരെ 10,978 കോടി രൂപയുടെ 82 ലക്ഷം വായ്പകൾ സ്വനിധിയിൽ വിതരണം ചെയ്തിട്ടുണ്ട്.**

ഡൽഹി മെട്രോ നാലാം ഘട്ടത്തിലെ രണ്ട് അധിക ഇടനാഴികൾക്കും അദ്ദേഹം തറക്കല്ലിടും.

✪✪✪

തെരഞ്ഞെടുപ്പ് കമ്മീഷനിലെ പുതിയ അംഗങ്ങളെ തീരുമാനിക്കുന്ന ഉന്നതാധികാര സമിതിയുടെ നിർണ്ണായക യോഗം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ചേരും. ലോക്സഭയിലെ മുഖ്യ പ്രതിപക്ഷ കക്ഷി നേതാവ്, പ്രധാനമന്ത്രി നിർദ്ദേശിക്കുന്ന കേന്ദ്രമന്ത്രി എന്നിവരടങ്ങിയ സമിതിയാണ് അംഗത്തെ തെരഞ്ഞെടുത്ത് രാഷ്ട്രപതിക്ക് ശുപാർശ ചെയ്യുന്നത്. കമ്മീഷണർ അനൂപ് ചന്ദ്ര പാണ്ഡെ നേരത്തെ വിരമിച്ചതും കമ്മിഷൻ അംഗമായിരുന്ന അരുൺ ഗോയൽ രാജിവെച്ചതുമാണ് പുതിയ നിയമന നടപടിക്കു വഴി വെച്ചത്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിന് BJP, 72 സ്ഥാനാർത്ഥികളുടെ രണ്ടാം പട്ടിക പുറത്തിറക്കി. കേന്ദ്രമന്ത്രിമാരായ അനുരാഗ് സിംഗ് ഠാക്കൂർ, നിതിൻ ഗഡ്കരി, പിയൂഷ് ഗോയൽ, ഡോ. ഭാരതി പ്രവീൺ പവാർ, പ്രൽഹാദ് ജോഷി, ശോഭാ കരന്തലജെ, ഭഗവന്ത്ഖുബ, കിഷൻപാൽ ഗുർജർ എന്നിവരുടെ പേരുകൾ പട്ടികയിലുണ്ട്.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

കേന്ദ്രമന്ത്രിമാരായ അനുരാഗ് സിംഗ് ഠാക്കൂർ ഹിമാചൽപ്രദേശിലെ ഹമീർപുർ മണ്ഡലത്തിലും, നിതിൻ ഗഡ്കരി നാഗ്പൂരിലുമാണ് മത്സരിക്കുന്നത്. പിയൂഷ് ഗോയൽ മുംബൈ നോർത്തിലും, ഭാരതി പ്രവീൺ പവാർ മഹാരാഷ്ട്രയിലെ ഡിൻഡോറിയിലും, പ്രൽഹാദ് ജോഷി ധാർവാഡിലും, ശോഭാ കരന്തലജെ ബാംഗ്ലൂർ നോർത്തിലും മത്സരിക്കും. ഭഗവന്ത്ഖുബ കർണാടകയിലെ ബിദാർ സീറ്റിലും, കിഷൻപാൽ ഗുർജർ ഫരീദാബാദിലുമാണ് മത്സരിക്കുന്നത്.

കർണാടക മുൻമുഖ്യമന്ത്രി ബസവരാജ് ബൊമ്മ കർണാടകയിലെ ഹവേരിയിൽ സ്ഥാനാർത്ഥിയാകും. ഹരിയാന മുൻമുഖ്യമന്ത്രി മനോഹർലാൽ ഖട്ടാർ, കർണാൽ സീറ്റിലും, ഉത്തരാഖണ്ഡ് മുൻമുഖ്യമന്ത്രി ത്രിവേന്ദ്രസിംഗ് റാവത്ത് ഹരിദ്വാർ സീറ്റിലും മത്സരിക്കും.

✪✪✪

N.I.A യുടെ കൊച്ചിയിലെ പുതിയ ഓഫീസ് കെട്ടിടം വൈകിട്ട് കേന്ദ്രമന്ത്രി അമിത് ഷാ ഓൺലൈനിൽ ഉദ്ഘാടനം ചെയ്യും. കളമശ്ശേരി, HMT - മെഡിക്കൽ കോളേജ് റോഡിലാണ് ഓഫീസ് കെട്ടിടം.

✪✪✪

സംസ്ഥാനത്തു വൈദ്യുതി ഉപഭോഗം സർവകാല റെക്കോഡിലേക്ക് കുതിക്കുന്ന സാഹചര്യത്തിൽ, പ്രതിസന്ധി മറികടക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഇന്ന് തിരുവനന്തപുരത്ത് ഉന്നത തല യോഗം ചേരും. കഴിഞ്ഞ ദിവസങ്ങളിൽ വൈകിട്ട് ആറു മുതൽ രാത്രി പതിനൊന്നു വരെ വൈദ്യുതി ഉപയോഗം 5000 മെഗാ വാട്ടിന് മുകളിലാണ്.

✪✪✪

സംസ്ഥാനത്തു വൈദ്യുതി ഉപഭോഗം സർവകാല റെക്കോഡിലേക്ക് കുതിക്കുന്ന സാഹചര്യത്തിൽ, പ്രതിസന്ധി മറികടക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഇന്ന് തിരുവനന്തപുരത്ത് ഉന്നത തല യോഗം ചേരും. കഴിഞ്ഞ ദിവസങ്ങളിൽ വൈകിട്ട് ആറു മുതൽ രാത്രി പതിനൊന്നു വരെ വൈദ്യുതി ഉപയോഗം 5000 മെഗാ വാട്ടിന് മുകളിലാണ്.

✪✪✪

കൊച്ചി വാട്ടർ മെട്രോയുടെ മുളവുകാട് നോർത്ത്, സൗത്ത് ചിറ്റൂർ, ഏലൂർ, ചേരാനല്ലൂർ ടെർമിനലുകൾ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. ഏലൂർ വാട്ടർ മെട്രോ ടെർമിനലിൽ ഓൺലൈനായാണ് ഉദ്ഘാടന ചടങ്ങ്. ഇതോടെ രണ്ട് പുതിയ റൂട്ടുകളിൽ കൂടി കൊച്ചി വാട്ടർ മെട്രോ സർവീസ് ആരംഭിക്കും.

ഇതോടെ 9 ടെർമിനലുകളിൽ നിന്ന് അഞ്ചു റൂട്ടുകളിലേക്ക് വാട്ടർ മെട്രോ വ്യാപിക്കും. പരമാവധി 40 രൂപയാണ് ടിക്കറ്റ് നിരക്ക്. നാല് ടെർമിനലുകളുടെ നിർമ്മാണം പുരോഗമിച്ചു വരികയാണ്. കൊച്ചി മെട്രോ പദ്ധതി പൂർത്തിയാകുമ്പോൾ 10 ദ്വീപുകളിലെ 38 ടെർമിനലുകളെ ബന്ധിപ്പിച്ച് 78 വാട്ടർ മെട്രോ ബോട്ടുകൾ സർവീസ് നടത്തും.

✪✪✪

ഇന്ന് ലോക വൃക്കദിനം. വൃക്കകളുടെ ആരോഗ്യത്തെയും വൃക്കകൾക്ക് ബാധിക്കുന്ന രോഗങ്ങളെയും കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനാണ് എല്ലാ വർഷവും മാർച്ച് മാസം രണ്ടാം വ്യാഴാഴ്ച

ദിനം ആചരിക്കുന്നത്. 'എല്ലാവർക്കും വൃക്കയുടെ ആരോഗ്യം' എന്നതാണ് ഈ വർഷത്തെ പ്രമേയം. വർധിച്ചു വരുന്ന വൃക്ക രോഗങ്ങളെ പ്രതിരോധിക്കാനും, വൃക്ക സ്വീകരിക്കുന്നതിലെ വെല്ലുവിളികൾ മറികടക്കാനുമാണ് പ്രമേയം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

✪✪✪

അന്താരാഷ്ട്ര വിപണിയിൽ റബർ വില വർദ്ധന തുടരുന്ന സാഹചര്യത്തിൽ, കയറ്റുമതി വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾക്ക് റബ്ബർ ബോർഡ് നാളെ യോഗം ചേരും. മറ്റ് രാജ്യങ്ങളിലെ റബർ ഉല്പാദനത്തിലുണ്ടായ കുറവാണ് വില വർദ്ധനയ്ക്ക് കാരണമായത്. കയറ്റുമതി വർദ്ധിപ്പിക്കുന്നതിലൂടെ ആഭ്യന്തര കർഷകർക്ക് ഉയർന്ന വില ലഭിക്കുമെന്നാണ് റബ്ബർ ബോർഡിന്റെ കണക്ക് കൂട്ടൽ.

✪✪✪

മലബാർ ദേവസ്വം ബോർഡ് 634 ക്ഷേത്രങ്ങൾക്കായി 10 കോടി 92 ലക്ഷം രൂപ ജീർണോദ്ധാരണ സഹായം അനുവദിച്ചു. ഇതിൽ 467 പൊതു ക്ഷേത്രങ്ങളും, 138 സ്വകാര്യ ക്ഷേത്രങ്ങളും ഉൾപ്പെടുന്നു. മന്ത്രി K. രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന ദേവസ്വം ബോർഡ് യോഗത്തിലാണ് തീരുമാനം.

✪✪✪

ISL ഫുട്ബോളിൽ കൊച്ചിയിൽ കേരള ബ്ലാസ്റ്റേഴ്സിനെ മോഹൻ ബഗാൻ മൂന്നിനെതിരെ നാലു ഗോളിന് തോൽപ്പിച്ചു.

ഇന്ന് ഗോവ, ബംഗളൂരുവിനെ നേരിടും. രാത്രി ഏഴരക്കാണ് മത്സരം.

✪✪✪

I ലീഗ് ഫുട്ബോളിൽ ഗോകുലം കേരള FC ഇന്ന് ഐസോൾ FC-യുമായി ഏറ്റുമുട്ടും. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴിനാണ് മത്സരം. 19 മത്സരങ്ങളിൽ നിന്ന് 33 പോയിന്റുമായി പട്ടികയിൽ നാലാം സ്ഥാനത്താണ് ഗോകുലം.

✪✪✪

കാഴ്ച പരിമിതരുടെ ട്വന്റി 20 ക്രിക്കറ്റിൽ ശ്രീലങ്കക്കെതിരെ ഇന്ത്യക്കു തുടർച്ചയായ മൂന്നാം ജയം. പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഏഴു വിക്കറ്റിനാണ് ഇന്ത്യയുടെ വിജയം.

✪✪✪

സാമൂഹ്യ മാധ്യമങ്ങളുടെ വരവോടെ പത്രപ്രവർത്തനം കൂടുതൽ വെല്ലുവിളി നേരിടുന്ന മേഖലയായി മാറിയെന്ന് കേന്ദ്രസഹമന്ത്രി രാജീവ് ചന്ദ്രശേഖർ പറഞ്ഞു. സത്യം സഞ്ചരിക്കുന്നതിന്റെ ആയിരം മടങ്ങ് വേഗത്തിൽ കള്ളം പ്രചരിക്കുന്ന വർത്തമാന കാലത്ത് സത്യസന്ധമായ പത്രപ്രവർത്തനത്തിന്റെ ചുക്കാൻപിടിക്കാൻ പുതിയ തലമുറ തയ്യാറാകണമെന്ന് അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് തിക്കുറിശ്ശി ഫൗണ്ടേഷന്റെ അച്ചടി - ദൃശ്യമാധ്യമ അവാർഡുകൾ വിതരണം ചെയ്യുകയായിരുന്നു രാജീവ് ചന്ദ്രശേഖർ.

✪✪✪

കേന്ദ്ര സഹമന്ത്രി രാജീവ് ചന്ദ്രശേഖർ ഇന്ന് കഴക്കൂട്ടം മണ്ഡലത്തിലെ പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. ഉച്ചയ്ക്ക് പാർലമെന്റ് മണ്ഡലത്തിലെ ചീഫ് ഇലക്ഷൻ ഓഫീസ് അദ്ദേഹം ഉദ്ഘാടനം ചെയ്യും. തുടർന്ന് മാധ്യമങ്ങളുമായി സംവദിക്കുന്ന രാജീവ് ചന്ദ്രശേഖർ, ഏതാനും മാധ്യമ ഓഫീസുകൾ സന്ദർശിയ്ക്കുകയും ചെയ്യും.

✪✪✪

തിരുവനന്തപുരത്തെ LDF സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രന്റെ പ്രചാരണ പരിപാടികൾ രാവിലെ നെയ്യാറ്റിൻകര മിംസ് പരിസരത്ത് ആരംഭിക്കും. വൈകിട്ട് കഴക്കൂട്ടത്തും, വട്ടിയൂർകാവിലും കൺവൻഷനുകളിൽ പന്ന്യൻ രവീന്ദ്രൻ പങ്കെടുക്കും.

✪✪✪

ആറ്റിങ്ങൽ പാർലമെന്റ് മണ്ഡലത്തിലെ NDA സ്ഥാനാർത്ഥി V മുരളീധരന്റെ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടി രാവിലെ എട്ടരയോടെ അരുവിക്കര മണ്ഡലത്തിൽ നിന്നാരംഭിക്കും. ഉച്ചകഴിഞ്ഞ് നാവായിക്കുളം യുദ്ധ സ്മാരക ഹാളിൽ വികസന ചർച്ചയിൽ അദ്ദേഹം പങ്കെടുക്കും. തുടർന്ന് ആറ്റിങ്ങലിൽ സംഘടിപ്പിക്കുന്ന പദയാത്ര BJP സംസ്ഥാന പ്രസിഡണ്ട് K സുരേന്ദ്രൻ നഗരൂരിൽ ഉദ്ഘാടനം ചെയ്യും.

✪✪✪

എറണാകുളം മണ്ഡലം UDF സ്ഥാനാർഥി ഹൈബി ഈഡന്റെ തെരഞ്ഞെടുപ്പ് കൺവൻഷൻ വൈകിട്ട് പ്രതിപക്ഷ നേതാവ് V.D സതീശൻ ഉദ്ഘാടനം ചെയ്യും. മുസ്ലിം ലീഗ് നേതാവ് P.K കുഞ്ഞാലിക്കുട്ടിയും മറ്റ് UDF നേതാക്കളും യോഗത്തിൽ പങ്കെടുക്കും .

✪✪✪

വഴിയോര കച്ചവട തൊഴിലാളി യൂണിയൻ -AITUC തിരുവനന്തപുരം പാർലമെന്റ് മണ്ഡലം കൺവെൻഷൻ  മന്ത്രി G.R അനിൽ ഉദ്ഘാടനം ചെയ്തു.  LDF സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രന് തെരഞ്ഞെടുപ്പിൽ കെട്ടിവയ്ക്കേണ്ട തുക വഴിയോര കച്ചവട തൊഴിലാളികൾ കൈമാറി.

✪✪✪

മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയെ കേരളത്തിലെ കോൺഗ്രസ് പ്രചാരണ സമിതി ചെയർമാനായി നിയമിച്ചു. ഉടൻ പ്രാബല്യത്തിൽ വരുന്ന രീതിയിലാണ് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ നിയമന ഉത്തരവ് നൽകിയത്.

✪✪✪

ദുബായിൽ നിന്നും കൊച്ചി അന്താരാഷ്ട്ര വിമാനത്താവളയെത്തിയ യാത്രക്കാരിൽ നിന്ന് പേസ്റ്റ് രൂപത്തിലാക്കി കടത്താൻ ശ്രമിച്ച 1051 ഗ്രാം സ്വർണ്ണം  പിടികൂടി. കാസർകോട് സ്വദേശി ഉമ്മർ ഫാറൂഖ് ആണ് പിടിയിലായത്.  അബുദാബിയിൽ നിന്ന് എത്തിയ മറ്റൊരു യാത്രക്കാരൻ പാലക്കാട് സ്വദേശി ബഷീറിൽ നിന്ന് ക്യാപ്സ്യൂൾ രൂപത്തിൽ ശരീരത്തിൽ ഒളിപ്പിച്ച  954 ഗ്രാം സ്വർണ്ണവും കസ്റ്റംസ് കണ്ടെടുത്തു .

✪✪✪

കേരള സർവകലാശാല കലോത്സവത്തിൽ കോഴ ആരോപണം നേരിട്ട വിധി കർത്താവിനെ  കണ്ണൂരിലെ വീട്ടിൽ വിഷം കഴിച്ച് മരിച്ചനിലയിൽ കണ്ടെത്തി. മാർഗംകളിയുടെ വിധികർത്താവായിരുന്ന താഴെചൊവ്വയിലെ  ഷാജി പൂത്തട്ട എന്ന PN ഷാജിയെയാണ് ഇന്നലെ വൈകിട്ട് വീട്ടിലെ മുറിയിൽ മരിച്ചനിലയിൽ കണ്ടെത്തിയത്.

കോഴ വാങ്ങി ഫലം അട്ടിമറിച്ചെന്ന ആരോപണത്തെ തുടർന്ന് ഷാജിയെയും രണ്ട് പരിശീലകരെയും പൊലീസ് കസ്റ്റഡിയിലെടുത്ത് വിട്ടയച്ചിരുന്നു. അടുത്ത ദിവസം ഹാജരാകാനും ഷാജിയോട് ആവശ്യപ്പെട്ടിരുന്നു.

✪✪✪

തിരുവിതാകൂർ ദേവസ്വംബോർഡിന്റെ ‘മാധവ മുദ്ര സാഹിത്യ പുരസ്കാര’ത്തിന് മുൻ ചീഫ് സെക്രട്ടറി തുളസീവനം R രാമചന്ദ്രൻ

നായർ അർഹനായി. 25,001 രൂപയും ഫലകവും അടങ്ങുന്ന പുരസ്കാരം ഏപ്രിൽ ഒന്നിന് മലയൻകീഴ് ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിലെ സാഹിത്യ സന്ധ്യയിൽ സമ്മാനിക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡണ്ട് P.S പ്രശാന്ത് അറിയിച്ചു.

✪✪✪

കാസർകോട് ഹൊസ്ദുർഗ് കടപ്പുറത്ത് ടൂറിസംവകുപ്പ് നിർമ്മിച്ച കൈറ്റ് ബീച്ച് പാർക്ക് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. ഒന്നേകാൽ കോടി രൂപ ചെലവിലാണ് പാർക്ക് നിർമ്മിച്ചത്. അജാനൂർ ഗ്രാമപഞ്ചായത്തിലെ കുളവയലിൽ ബേക്കൽ വില്ലേജ് ടൂറിസം പദ്ധതി പൂർത്തിയാകുമ്പോൾ അവിടം വലിയ വികസന കുതിപ്പിന് സാക്ഷിയാകുമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

ആകാശവാണി കോഴിക്കോട് പ്രാദേശിക വാർത്താ വിഭാഗത്തിൽ എഡിറ്റോറിയൽ എക്സിക്യൂട്ടീവ് / ന്യൂസ് റീഡർ-കം- ട്രാൻസ് ലേറ്റർ തസ്തികയിലേക്ക് രണ്ടു വർഷ കരാർ അടിസ്ഥാനത്തിൽ പ്രസാർ ഭാരതി അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾ newsonair.gov.in/vacancies എന്ന വെബ്സൈറ്റിലുണ്ട്. ഓൺലൈൻ അപേക്ഷകൾ applications.prasarbharati.org എന്ന വെബ് ലിങ്കിൽ ഈ മാസം 19 നകം ലഭിക്കേണ്ടതാണ്.

✪✪✪